**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3227

14.07.2015-ലെ മറുപടിയ്ക്ക്

## സഹകരണ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ്

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പുതുതായി ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ രേഖകൾ ഇനിയും പി.എസ്.സി.ക്ക് അയച്ചുനൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | 2014 ഡിസംബർ 31 വരെ ഈ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ, 5 ജീവനക്കാരുടെ പി.എസ്.സി വെരിഫിക്കേഷൻ രേഖകൾ ഇനിയും പി.എസ്.സി.ക്ക് നൽകേണ്ടതുണ്ട്. |
| (ബി) | സഹകരണ വകുപ്പിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പുതുതായി ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ നടപടികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2014 ഡിസംബർ 31 വരെ ഈ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ 37 ജീവനക്കാരുടെ പി.എസ്.സി വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാകാനുണ്ട്. |
| (സി) | പി.എസ്.സി. വെരിഫിക്കേഷൻ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതിനാൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷനും തുടർന്ന് ലഭിക്കാവുന്ന ഉദ്യോഗക്കയറ്റവും വൈകുന്ന സ്ഥിതിവിശേഷം നിലവിലുണ്ടെങ്കിൽ അവ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ